# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*

No.72/PR/PIC/PHQ/13 Date : 25.07.2013

## അനുമതിയില്ലാതെ മലയാള സിനിമകൾ പ്രദർശിപ്പിക്കുന്ന സൈറ്റുകൾക്കെതിരെ നടപടി

ഇന്റർനെറ്റിൽ നിയമപരമായ അനുമതി ഇല്ലാതെ മലയാള സിനിമകൾ പ്രദർശിപ്പിക്കുന്നതിനായി വ്യാജ വെബ്സൈറ്റുകൾ നിർമ്മിച്ചവർക്കും ഈ സൈറ്റുകളിലേക്ക് സിനിമകൾ അപ്ലോഡ് ചെയ്യുന്നവർക്കുമെതിരെ ആന്റിപൈറസി സെൽ നിയമ നടപടി ആരംഭിച്ചു.

കഴിഞ്ഞ ഒരു കൊല്ലത്തോളമായി നിയമവിരുദ്ധമായി മലയാള സിനിമകളുടെ വ്യാജ കോപ്പികൾ ഡൗൺലോഡ് ചെയ്യാൻ സൗകര്യമൊരുക്കുന്ന റ്റി.കെ. ടോറന്റ്, ദേശ്ശി-ടോറന്റ്, യു. ടോറന്റ്, ബിറ്റ്- ടോറന്റ്, വ്യാജ കോപ്പികൾ പ്രദർശിപ്പിച്ചുവരുന്ന സൈറ്റുകളായ മല്ലു-vdo.net, abc മലയാളം, കനകമാത്യു.com, ഗലാട്ട.com, 1237.com തുടങ്ങിയ പതിനഞ്ചോളം സ്ഥാപനങ്ങളുടെ ഉടമകളുടെയും നടത്തിപ്പുകാരുടെയും വിവരങ്ങൾ ശേഖരിക്കുന്ന നടപടി ഇതിന്റെ ഭാഗമായി ആരംഭിച്ചു കഴിഞ്ഞു.

അടുത്ത കാലത്ത് റിലീസ് ചെയ്ത മലയാള സിനിമകളുടെ വ്യാജ പകർപ്പുകൾ ഇന്റർനെറ്റിലെ പല സൈറ്റുകളും ചാർജ് ഈടാക്കി പ്രദർശിപ്പിക്കുന്നുണ്ടായിരുന്നു. ഈ വ്യാജ സൈറ്റുകളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ ആന്റി പൈറസി സെൽ ചെന്നൈയിലേക്കുള്ള pay-pal കമ്പനിയിൽ നിന്നും ശേഖരിച്ചു വരുന്നു.

ഇന്റർനെറ്റിൽ പ്രദർശിപ്പിക്കുന്ന സിനിമകളുടെ പകർപ്പുകളെപ്പറ്റി അന്വേഷണം നടത്തിയതിൽ അതിന്റെ ഉറവിടം ബാംഗ്ലൂരാണെന്ന് ആന്റി പൈറസി സെൽ കണ്ടെത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കെ.എസ്.എഫ്.ഡി.സി ചെയർമാനും ആന്റിപൈറസി സെല്ലിലെ ഉദ്യോഗസ്ഥരും ഫിലിം പ്രൊഡ്യൂസേഴ്സ് അസോസിയേഷനും ഉൾപ്പെട്ട സംഘം കഴിഞ്ഞയാഴ്ച ബാംഗ്ലൂരിൽ എത്തി കർണ്ണാടക ആഭ്യന്തര മന്ത്രിയുമായി കൂടിക്കാഴ്ച നടത്തുകയും പൈറസിക്കെതിരെ നടപടി സ്വീകരിക്കാമെന്ന് അദ്ദേഹം

ഉറപ്പുനൽകുകയും ചെയ്തു. തുടർന്ന് ബാംഗ്ലൂർ സിറ്റി പോലീസ് കമ്മീഷണറുമായും സംഘം ഇതുസംബന്ധിച്ച് ചർച്ച നടത്തി.

പുതിയ മലയാള സിനിമകൾ ബാംഗ്ലൂരിൽ മാത്രം ഇരുപതോളം തീയറ്ററുകളിൽ ഒരേ സമയം റിലീസ് ചെയ്യാറുണ്ട്. തിയേറ്ററിലെ പ്രേക്ഷകരുടെ തിരക്കില്ലാത്ത സമയം ഹാന്റിക്യാം ഉപയോഗിച്ച് പകർത്തി ഇന്റർനെറ്റിലേക്ക് നൽകുകയും വ്യാജ കാസറ്റാക്കുകയുമാണ് ബാംഗ്ലൂർ പൈറസി ലോബി ചെയ്യുന്നത്. ഒരു കൊല്ലം മുൻപ് കേരള ആന്റി പൈറസി സെൽ ബാംഗ്ലൂരിൽ നിന്നും എച്ച്.എം.റ്റി. തിയേറ്റർ കേന്ദ്രീകരിച്ചു പൈറസി ലോബികളിൽപ്പെട്ട പത്തോളം പേരെ അറസ്റ്റ് ചെയ്തിരുന്നു.

ഇന്റർനെറ്റിൽ നിർമ്മാതാക്കളുടെയോ പകർപ്പവകാശ ഉടമകളുടേയോ അനുമതി കൂടാതെ പ്രദർശിപ്പിച്ച മലയാള സിനിമകളായ *"ABCD", ഇമ്മാനുവൽ, മഞ്ചാടിക്കുരു, ആമേൻ* തുടങ്ങിയ സിനിമകളുടെ ഉടമകൾ ആന്റി പൈറസി സെല്ലിന് പരാതി നല്കിയിരുന്നു. തുടർന്ന് അന്വേഷത്തിൽ ലഭിച്ച ഐ.പി.അഡ്രസ്സുകൾ ഹൈടെക് സെൽ വഴി ഇന്റർനെറ്റ് സർവ്വീസ് ദാതാക്കളായ ഏഷ്യനെറ്റ്, ബി.എസ്.എൻ.എൽ-ൽ എന്നിവർക്കു നല്കി സ്ഥിരമായി മലയാളം സിനിമകൾ ഇന്റർനെറ്റിൽ നിന്നും അപ്ലോഡും ഷെയറും ഡൗൺ ലോഡും ചെയ്തുവരുന്ന കേരളത്തിലുള്ള അഞ്ഞൂറോളം പേരുടെ വിവരങ്ങൾ പോലീസ് ശേഖരിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ആന്റി പൈറസി സെൽ തിരുവനന്തപുരത്തുള്ള പതിനഞ്ചോളം പേരെ ചോദ്യം ചെയ്തു. ഇവരിൽ ടെക്നോപാർക്കിലെ എൻജിനിയർമാർ, എൻജിനീയറിങ് വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, വിദ്യാർത്ഥികൾ എന്നിവർ ഉൾപ്പെടുന്നു. എന്നാൽ ഇവരെല്ലാം തന്നെ സിനിമ ഡൗൺലോഡ് മാത്രമാണ് ചെയ്തതെന്നാണ് പോലീസിനോട് അറിയിച്ചത്. ഇതേപ്പറ്റി കൂടുതൽ അന്വേഷണം നടത്തി മേൽവിലാസം ലഭിച്ചവർക്കെതിരെ നടപടി ആരംഭിച്ചിട്ടുണ്ട്.

ഇന്റർനെറ്റിലെ നിയമവിരുദ്ധ സൈറ്റുകളിലൂടെ മലയാള സിനിമകൾ പ്രദർശിപ്പിക്കുന്നത് പകർപ്പവകാശലംഘനം നടത്തിയാണ്. അപ്രകാരമുള്ള സൈറ്റുകളിൽ കയറി സിനിമ ഡൗൺലോഡ് ചെയ്യരുതെന്ന് ആന്റി പൈറസി സെൽ സൂപ്രണ്ട് വി.സി. മോഹനൻ മുന്നറിയിപ്പ് നൽകി. വ്യാജ സൈറ്റുകൾക്കെതിരെയും അതിൽ സിനിമ അപ്‌ലോഡ് ചെയ്യുന്നവർക്കെതിരെയും ശക്തമായ നിയമനടപടികൾ സ്വീകരിക്കുമെന്ന് സൂപ്രണ്ട് അറിയിച്ചു.

*************